# ആമുഖം

കണ്ണൂർ ജില്ലയിലെ പ്രമുഖ പഞ്ചായത്തുകളിൽ ഒന്നാണ് പാപ്പിനിശ്ശേരി .പഞ്ചായത്തിന്റെ സമ്പദ്ഘടനയിൽ കൃഷിയും,ചെറുകിട വ്യവസായവും തുല്യ പ്രാധാന്യം അർഹിക്കുന്നു .നാണ്യ വിളയ്ക്ക് തെങ്ങ് കൃഷിക്കാണ് പ്രാമുഖ്യം.സാമ്പത്തിക ഭദ്രതയുള്ള കുടുംബസംവിധാനമാണ് പപ്പിനിശേരിക്കെങ്കിലും സ്ത്രീകളുടെ സമഗ്ര വികസനവും ,പുരോഗതിയും ,സാമൂഹ്യനീതിയും ഊന്നിക്കൊണ്ടുള്ള കുടുംബശ്രീ പ്രസ്ഥാനം പഞ്ചായത്തിൽ നല്ല രീതിയിൽ നടക്കുന്നുണ്ട് cds ന്റെ കീഴിലുള്ള 243 അയൽക്കൂട്ടങ്ങളിൽ 3 622 അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട് .പഞ്ചായത്തിൽ ഏതാണ്ട് 60 ശതമാനം ഭൂമിയും പൂഴി കലർന്ന മണ്ണ് ആണെങ്കിൽ കൂടി നെല്ല്,ഉഴുന്ന് ,പച്ചക്കറി ,പയർ എന്നി വിളകൾ കൃഷി ചെയ്യുന്ന 26 സജീവ jlg ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നുണ്ട് .35 സംരംഭങ്ങളും ഉണ്ട് .

അഗതിരഹിത കേരളം പദ്ധതി ഗുണഭോക്താക്കളെ സംരക്ഷിക്കുന്നതിൽ സി ഡി എസ്സിന്റെ പ്രവർത്തനം മുന്നിട്ട് നിൽക്കുന്നു.ഭവനം നിർമിച്ചു വാസയോഗ്യമാക്കുകയും .ഭാവന പുനരുദ്ധാരണം ,കുടിവെള്ളം ,എല്ലാ മാസവും ഭക്ഷണം നൽകുകയും ചെയ്യുന്നുണ്ട് .സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനു ഊന്നൽ നൽകിക്കൊണ്ടുള്ള ജന്റർ പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നുണ്ട് .കുടുംബശ്രീ വനിതകൾക്ക് സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ട് കൊണ്ട് പഞ്ചായത്ത് പരിസരത് എല്ലാ മാസവും നാട്ടുച്ചന്തകളും വിശേഷാൽ ചന്തകളും നടത്തിവരാറുണ്ട് .സ്നേഹനിധി പദ്ധതിയും പഞ്ചായത്തിൽ നല്ല രീതിയിൽ നടക്കുന്നുണ്ട് .

## കൊറോണ കാലത്തെ CDS ന്റെ പ്രവർത്തനങ്ങൾ

കൊറോണക്കാലത്ത് cds ന്റെ പ്രവർത്തനം മികച്ചതാണ്.സി ഡി എസ്സ് ചെയർ പേഴ്സനായ ശ്രീമതി ബേബി സജിനയാണ് കുടുംബശ്രീ പ്രസ്ഥാനത്തെ മുന്നോട്ടു നയിക്കുന്നത് .പഞ്ചായത്തിന്റെ മികച്ച പിന്തുണയും ഉണ്ട്

20 വാർഡുകളിലും cds ,ads അംഗങ്ങൾ നല്ല രീതിയിൽ പ്രവർത്തനം കാഴ്ച്ചവയ്ക്കുന്നുണ്ട്.



*സന്നദ്ധ സേനയിൽ നിരവധി പേർ രജിസ്ടർ ചെയ്തിട്ടുണ്ട് .പഞ്ചായത്ത് ഹോട്സ്പോട്ട് ആയ കാരണം എല്ലാവരുടെയും സേവനം കിട്ടിയിട്ടില്ല .11 വാർഡ് എഡിഎസ്സ്ന്റെ നേതൃത്വത്തിൽ വാർഡിലെ എല്ലാ കുടുംബശ്രീ അംഗങ്ങൾക്കും a d s ഇൽ നിന്നും പൈസ എടുത്തുകൊണ്ട് ഭക്ഷണ കിറ്റ്

നൽകി



*മുണ്ടകൻ,ഉജ്ജ്വല തുടങ്ങിയ jlg ഗ്രൂപ്പുകൾ കമ്മ്യൂണിറ്റി കിച്ചണിലേക്ക് പച്ചക്കറികൾ,വാഴയില,തേങ്ങ തുടങ്ങിയവ സംഭാവന നൽകിയിട്ടുണ്ട്

60 വയസ്സ് കഴിഞ്ഞവർക്ക് പ്രതിരോധശേഷി വര്ദ്ധിപ്പിക്കാനുള്ള ആയുർവ്വേദ മരുന്ന് കുടുംബശ്രീ വഴി എല്ലാ വാർഡുകളിലും വിതരണം



ചെയ്തു. 6,13,12 വാര്ഡുകളിലുള്ള കുടുംബശ്രീ അംഗങ്ങൾ ചേര്ന്ന് ക്വാറന്റൈൻ കേന്ദ്രമായി മാറ്റാൻ തീരുമാനിച്ച സ്കൂളുകൾ ശുചീകരിച്ചു

# കമ്മ്യൂണിറ്റി കിച്ചൻ

കൊറോണ കാലത്ത് ഭക്ഷണത്തിന് ബുദ്ധിമുട്ടു അനുഭവിക്കുന്ന പരിസരവാസികൾക്കും അന്യസംസ്ഥാന തൊഴിലാളികൾക്കും കമ്മ്യൂണിറ്റി കിച്ചൻ വഴി ഭക്ഷണം നൽകി.കുടുംബശ്രീ പ്രവർത്തകരുടെ നേതൃത്വത്തിലായിരുന്നു കിച്ചൻ പ്രവർത്തിച്ചത്



പച്ചക്കറികൾ നൽകി
കുട്ടിപ്പോലീസ്

2824 പേർക്ക് ഭക്ഷണം നൽകി .മാർച്ച് 30 ന് ആരംഭിച്ച കിച്ചൻ വഴി 2412 പേർക്ക് ഉച്ച ഭക്ഷണം നൽകി .ഇതിൽ 535 പേർക്ക് സൗജന്യമായി നൽകി .43 പേർക്ക് ഹോം ഡെലിവറിയായി വീടുകളിൽ എത്തിച്ചു 33220 രൂപ ഭക്ഷണം നൽകിയ വകയിൽ വരുമാനം ലഭിച്ചു.രാത്രി ഭക്ഷണം 412 പേർക്കും ഇതിൽ 345 പേർക്ക് സൗ ജന്യമായും നൽകി 43 പേർക്ക് വീടുകളിൽ എത്തിച്ചു.1575 രൂപ ഈ ഇനത്തില് വരുമാനം കിട്ടി



അനാദി സാധനങ്ങൾ 57 വീടുകളിലും

റേഷൻ 119 വീടുകളിലും

പച്ചക്കറികളും മറ്റുള്ളവയും 53 വീടുകളിലും

സപ്ലൈകോ വഴി 34 വീടുകളിലും

മെഡിക്കൽസാധനങ്ങൾ 10 വീടുകളിലും കുടുംബശ്രീ പ്രവർത്തകർ എത്തിച്ചു



കോറോണ പ്രതിരോധത്തിൽ ലോക്ക് ഡൌൺ ആയ ചിലരെയെങ്കിലും മാനസികമായും ശാരീരികവുമായ ഒരു ആയാസം നൽകുക ,അതോടൊപ്പം വിഷ രഹിതമായ പോഷക സമ്പന്നമായ ഭക്ഷണം കഴിക്കാൻ എവർക്കും അവസരം ഉണ്ടാക്കുന്നതോടൊപ്പം ഭാവിയിലും ഈ ആശയം മുന്നോട്ട് പോകാൻ സാധിക്കണം എന്ന ഒറ്റ ചിന്തയിലൂടെ കുടുംബശ്രീ മിഷൻ സംഘടിപ്പിച്ച മൈക്രോ ഗ്രീൻസ്"എല്ലാരും നാടണ്" ക്യാമ്പൈനിൽ പഞ്ചായത്തിൽ നിന്നും 40 ഓളം പേർ പങ്കെടുത്തു.അകത്തളങ്ങളിലെ രചനോല്സവത്തിൽ കവിത രചന സീനിയർ വിഭാഗത്തിൽ പാപ്പിനിശ്ശേരി പഞ്ചായത്തിലെ ശ്രേയ കെ ഒന്നാം സ്ഥാനം നേടി.

## മുഖ്യമന്ത്രിയുടെ സഹായഹസ്തം പദ്ധതി

ലോകത്താകെ ദുരിതവും മരണവും വിതച്ചു കൊണ്ട് കൊറോണ വൈറസ് പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ അയൽക്കൂട്ടങ്ങളെ സഹായിക്കാനുള്ള ഒരു പദ്ധതിയാണ് cmhls ലോൺ.ലോൺമുഖാന്തിരം 156

അയൽക്കൂട്ടത്തിലെ 1525 അംഗങ്ങള്ക്ക് 12985000 രൂപ വായ്പ നൽകാൻ സാധിച്ചു .



കുടുംബശ്രീയിൽ രജിസ്ടർ ചെയ്തു പ്രവർത്തിക്കുന്ന യൂനിറ്റുകൾ 6000 ൽ അതികം സഞ്ചികളും മാസ്ക്കുകളും കുടുംബശ്രീ മിഷന് നൽകിയിട്ടുണ്ട്.



രണ്ടാഴ്ചയിൽ രണ്ടു ലക്ഷം തുണിസഞ്ചികളുമായി കുടുംബശ്രീ



പരിക്ഷ എഴുതുന്ന sslc പ്ലസ്ടു കുട്ടികൾക്കാവശ്യമായ മാസ്ക്കുകളും നൽകിയിട്ടുണ്ട്.ലോക് ഡൌൺ തുടങ്ങി 62 ദിവസങ്ങൾ പിന്നിടുമ്പോൾ സമൂഹത്തിൽ കുടുംബശ്രീ വഹിച്ച പങ്ക് വലുതാണ്

Sruthi M
MKSP Block Coordinator
Kannur Block
8078497208

Chairperson
KUDUMBASREE PAPPINISSERI
GRAMA PANCHAYATH-KANNUR DT